# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3931 | 21/06/2019-ൽ മറുപടിക്ക്

### വൈദ്യുതപദ്ധതികൾ

| | ചോദ്യം<br><br>**ശ്രീ.വി.പി.സജീന്ദ്രൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത വൈദ്യുതപദ്ധതികൾ ഉണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്, കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കീഴിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ, കാരപ്പാറ – കുരിയാർകുട്ടി വിവിധോദ്ദേശ പദ്ധതി, പൂയംകുട്ടി ജലവൈദ്യുത പദ്ധതി, സൈലന്റ് വാലി ജലവൈദ്യുത പദ്ധതി എന്നിവയാണ് ആരംഭിക്കുവാൻ കഴിയാത്ത ജലവൈദ്യുത പദ്ധതികൾ. |
| (ബി) | കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്തത് മൂലം മുടങ്ങിപ്പോയ പദ്ധതികൾ ഏതൊക്കെയാണ് ; | (ബി) | കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്തതു മൂലം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കീഴിൽ കാരപ്പാറ- കുരിയാർകുട്ടി വിവിധോദ്ദേശ പദ്ധതി, പൂയംകുട്ടി ജലവൈദ്യുത പദ്ധതി, സൈലന്റ് വാലി ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണം എന്തായിരുന്നുവെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തത്; വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള കർശന നിയന്ത്രണം മൂലമാണ്. |

സെക്ഷൻ ഓഫീസർ